# കേരളസർവകലാശാല

നം.പി.ആർ.272/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് (എം.പി.ഇ.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി, എം.എസ്‌സി. പോളിമർ കെമിസ്ട്രി പരീക്ഷകളുടെ ഫലവും റാങ്ക് പട്ടികയും പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ജനുവരി 2 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം, റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 അഡ്മിഷൻ), യു.സി.ഇ.കെ., ജനുവരി 2023 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ 24 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2022, 2008 സ്കീം (സപ്ലിമെന്ററി - 2012 അഡ്മിഷൻ), മേഴ്സിചാൻസ് (2008, 2009, 2010, 2011 അഡ്മിഷൻ), 2003 സ്കീം (ട്രാൻസിറ്ററി വിദ്യാർത്ഥികൾ), 2013 സ്കീം (സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ, കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്) (2017 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾ) എന്നിവയുടെ പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ (ത്രിവത്സരം) എൽ.എൽ.ബി., അഞ്ചാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി., രണ്ടാം സെമസ്റ്റർ (ത്രിവത്സരം) എൽ.എൽ.ബി., ആറാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി., മൂന്നാം സെമസ്റ്റർ (ത്രിവത്സരം), ഏഴാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി., നാലാം സെമസ്റ്റർ (ത്രിവത്സരം) എൽ.എൽ.ബി., എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി. അഞ്ചാം സെമസ്റ്റർ (ത്രിവത്സരം) എൽ.എൽ.ബി., ഒൻപതാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി., ജനുവരി 2023 (2011 – 12 അഡ്മിഷന് മുൻപുള്ളത് – മേഴ്സിചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 5 വരെയും 150 രൂപ പിഴയോടെ ജനുവരി 9 വരെയും 400 രൂപ പിഴയോടെ ജനുവരി 11 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### എസ്.സി., എസ്.ടി. – സീറ്റ് ഒഴിവ്

കേരളസർവകലാശാല എഡ്യൂക്കേഷൻ പഠനവകുപ്പിൽ എം.എഡ്. പ്രോഗ്രാമിന് എസ്.സി., എസ്.ടി. സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 2022 ഡിസംബർ 29 ന് രാവിലെ 10 മണിക്ക് വകുപ്പിൽ നേരിട്ട് ഹാജരാകണം.

# യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പിന് - സാധ്യാതാലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല 2021 – 2022 വർഷത്തിൽ വിവിധ ബിരുദാനന്തര കോഴ്സുകളിൽ യൂണിവേഴ്സിറ്റി മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യതാലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള പരാതിയുള്ളവർ ജനുവരി 31 നകം പ്രിൻസിപ്പാൾ മുഖാന്തരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. ജനുവരി 31 ന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ട് മാത്രം സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

തിരുവനന്തപുരം,
23.12.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**